# # Palakkad Police Action #

## അട്ടപ്പാടിയിൽ വാറ്റ് ചാരായവുമായി രണ്ടുപേർ പിടിയിൽ

ഷോളയൂർ പാലവളവിൽ വെച്ച് അഗളി ASP സുജിത്ദാസ് IPS ന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് ASP സ്ക്വാഡും ഷോളയൂർ Add SI വേലായുധനും ചേർന്നാണ് രാത്രി പ്രതികളെ പിടികൂടിയത്.

ചക്രപാണി വയസ്സ് 53, മകൻ സതീശൻ വയസ്സ് 28 എന്നിവരെയാണ് പിടികൂടിയത്. ചിറ്റൂർ, ഷോളയൂർ, വരഗംപാടി ഭാഗങ്ങളിലെ ഊരുകളിൽ സ്ഥിരമായി വിൽപ്പന നടത്തുന്നതായി രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കുറച്ചു ദിവസങ്ങളായി ഇയാൾ ഷാഡോ പോലീസിന്റ നിരീക്ഷണത്തിലായിരുന്നു. ലിറ്ററിന് 750 രൂപയിൽ അധികം വില നൽകിയാണ് ഇയാൾ വ്യാജമദ്യം വിൽപ്പന നടത്തി വരുന്നത്.

